## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2027** **29-07-2021 - ൽ മറുപടിയ്ക്ക്**

## രജിസ്ട്രേഷൻ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ആധാര രജിസ്ട്രേഷൻ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണവും പ്രസ്തുത നടപടിക്രമങ്ങൾ ലളിതവും സുതാര്യവും ആക്കുന്നതിനായി രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തികളും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ആധാര രജിസ്ട്രേഷൻ നടപടികൾ കമ്പ്യൂട്ടർവത്കരിക്കുന്നതിനും പ്രസ്തുത നടപടിക്രമങ്ങൾ ലളിതവും സുതാര്യവും ആക്കുന്നതിനു സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം 2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി 3. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി 4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി രജിസ്ട്രേഷൻ വകുപ്പിൽ 2018-19 സാമ്പത്തിക വർഷം ഡിജിറ്റൈസേഷൻ പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയും  പത്തനംത്തിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലേയും രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തീകരിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി മുഖേന 2019-20 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിലെ സബ് രജിസ്ട്രാർ ആഫീസുകളിലെ 2005 മുതൽ 2018 വരെയുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയും,  തുടർ പദ്ധതിയെന്നോണം മേൽ ജില്ലകളിലെ 2005-നു മുൻപുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങൾ |

| | | | |
|---|---|---|---|
| | | | ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | മലപ്പുറം ജില്ലയിൽ മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നും 15/07/2021 -ന് മലപ്പുറം സ്റ്റാമ്പ് ഡിപ്പോക്ക് മുദ്രയും മുദ്രപ്പത്രങ്ങളും ലഭ്യമാക്കിയിട്ടുള്ളതിനാൽ നിലവിൽ മലപ്പുറം ജില്ലയിൽ മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ